"ഭരണഭാഷ – മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

**<u>ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം</u>**
(നിലവിൽ: ചന്ദ്രശേഖർ എസ് ഐ എ എസ്)

വിഷയം: – ട്രെയിനിംഗ് ഡയറക്ടറേറ്റ്–ജീവനക്കാര്യം–സീനിയർ സൂപ്രണ്ട് തസ്തികയിൽ 2020 വർഷത്തിൽ പൊതു സ്ഥലം മാറ്റം /സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: – 1)വകുപ്പിലെ വിവിധ സ്ഥാപനങ്ങളിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ സേവനത്തിലുള്ള ജീവനക്കാരിൽ നിന്നും 2020 വർഷത്തെ പൊതുസ്ഥലം മാറ്റം ലഭിക്കുന്നതിനായി നൽകിയ അപേക്ഷകൾ .
2)15.06.2020 ലെ DT/1906/2020–A4 നമ്പർ ഉത്തരവ്.
3)23.04.2020 തിയതിയിലെ 1079 നം. അസാധാരണ ഗസറ്റ്.
4)6.03.2020–ലെ സ .ഉ(കൈ)നം.15/2020/തൊഴിൽ നമ്പർ സർക്കാർ ഉത്തരവ്.
5)27.04.2020 ലെ DT/6903/2019–A3 നമ്പർ ഉത്തരവ്.

**<u>ഉത്തരവ് നമ്പർ: DT/2307/2020–A3 തീയതി:20/08/2020</u>**

വകുപ്പിന്റെ കീഴിലെ വിവിധ സ്ഥാപനങ്ങളിൽ സേവനത്തിലുള്ള സീനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാരിൽ നിന്നും 2020 വർഷത്തിൽ പൊതു സ്ഥലം മാറ്റം ലഭിക്കുന്നതിനായി അപേക്ഷകൾ പരാമർശം 1 പ്രകാരം ലഭിച്ചിട്ടുണ്ട്.

പരാമർശം 2 പ്രകാരം മലമ്പുഴ ഐ.ടി.ഐ(വ )–യിലെ സീനിയർ സൂപ്രണ്ട് ശ്രീമതി.ഇന്ദിരക്ക് , ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ വിരമിക്കലിന് പ്രാരംഭമായി 03.08.2020 മുതൽ പരിവർത്തിതാവധി അനുവദിച്ചുവഴി വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ മലമ്പുഴ(വ) ഐ.ടി.ഐ–ൽ ഒരു ഒഴിവുണ്ട്. ടി ഒഴിവ് കൂടാതെ ചാലക്കുടി ഐ.ടി.ഐ (വ )–യിലെ സീനിയർ സൂപ്രണ്ട് ശ്രീ.മോഹനൻ. ആർ 31.07.2020–ൽ സേവനത്തിൽ നിന്നും വിരമിച്ചു വഴി 01.08.2020 തീയതിയിൽ ടി ഐ.ടി.ഐ–ൽ പ്രസ്തുത തസ്തികയിൽ ഒഴിവുണ്ടായിട്ടുണ്ട്.

കൂടാതെ വകുപ്പിൽ സേവനത്തിലിരിക്കേ കാഴ്ചശക്തി പൂർണ്ണമായും നഷ്ടപ്പെട്ട ചാക്ക ആർ.ഐ സെന്ററിലെ ജൂനിയർ സൂപ്രണ്ട് (സൂപ്പർ ന്യൂമററി) തസ്തികയിൽ സേവനത്തിലുള്ള ശ്രീമതി .എസ്.സെറീന–യ്ക്ക് സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിനായി വകുപ്പിൽ നിലവിലുള്ള ഏതെങ്കിലും സ്ഥാപനത്തിലെ സീനിയർ സൂപ്രണ്ട് തസ്തിക ഒഴിച്ചിട്ടുകൊണ്ട് ചാക്ക ആർ.ഐ.സി –ലെ ജൂനിയർ സൂപ്രണ്ട്( സൂപ്പർ ന്യൂമററി) തസ്തിക സീനിയർ സൂപ്രണ്ട് തസ്തികയായി അപ്ഗ്രേഡ് ചെയ്ത് പരാമർശം 4 പ്രകാരം സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ പരാമർശം 5 പ്രകാരമുള്ള ഉത്തരവിൽ ധനുവച്ചപുരം ഐ .ടി.ഐ ലെ സീനിയർ സൂപ്രണ്ട് തസ്തിക താൽക്കാലികമായി ഒഴിച്ചിട്ടിട്ടുണ്ട്. ടി ഒഴിവ് ഉൾപ്പെടെ വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ ചുവടെപറയുന്ന സ്ഥാപനങ്ങളിൽ പ്രസ്തുത തസ്തികകളിൽ ഒഴിവുകൾ നിലവിലുണ്ട്.

- ഐ.ടി.ഐ ചാലക്കുടി (വ )
- ഐ.ടി.ഐ മലമ്പുഴ(വ)
- ഐ.ടി.ഐ ധനുവച്ചപുരം

സ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ പരിഗണിച്ചും , ഒഴിവുകളുടെ അടിസ്ഥാനത്തിലും, ഭരണ സൗകര്യാർത്ഥവും സീനിയർ സൂപ്രണ്ട് തസ്തികയിൽ ചുവടെപറയും പ്രകാരം സ്ഥലം മാറ്റം അനുവദിക്കുന്നു.

| ക്രമ നം. | പേര്/ തസ്തിക/ നിലവിൽ സേവനത്തിലുള്ള സ്ഥാപനം | സ്ഥലം മാറ്റം ആവശ്യപ്പെട്ട സ്ഥാപനം | സ്ഥലം മാറ്റി നിയമിക്കുന്ന സ്ഥാപനം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | ശ്രീ.രജി എസ് , സീനിയർ സൂപ്രണ്ട് , ട്രെയിനിംഗ് ഡയറക്ടറേറ്റ് | ഐ.ടി.ഐ ധനുവച്ചപുരം/ചാക്ക | സ്ഥലം മാറ്റം അനുവദിക്കുന്നില്ല | |
| 2 | ശ്രീ.രാജേഷ് ആർ, സീനിയർ സൂപ്രണ്ട്, ഐ.ടി.ഐ ചന്ദനത്തോപ്പ് | തിരുവനന്തപുരം ജില്ലയിലെ സ്ഥാപനങ്ങൾ | ഐ.ടി.ഐ ധനുവച്ചപുരം | |
| 3 | ശ്രീമതി.സുനിത പോൾ, സീനിയർ സൂപ്രണ്ട്, ഐ.ടി.ഐ ചാലക്കുടി | ഐ.ടി.ഐ കളമശ്ശേരി. കളമശ്ശേരി (വ ) | സ്ഥലം മാറ്റം അനുവദിക്കുന്നില്ല | |
| 4 | ശ്രീ.നൗഷാദ് എ എൻ, സീനിയർ സൂപ്രണ്ട്, ഐ.ടി.ഐ കട്ടപ്പന | ട്രെയിനിംഗ് ഡയറക്ടറേറ്റ് , തിരുവനന്തപുരം ജില്ലയിലെ ഐ.ടി.ഐകൾ | സ്ഥലം മാറ്റം അനുവദിക്കുന്നില്ല | |
| 5 | ശ്രീ.സുനിൽകുമാർ സി എസ്, സീനിയർ സൂപ്രണ്ട്, ഐ.ടി.ഐ കയ്യൂർ | ഐ.ടി.ഐ മലമ്പുഴ , മലമ്പുഴ (വ ), ചാലക്കുടി (വ) | ഐ.ടി.ഐ മലമ്പുഴ (വ ) | |
| 6 | ശ്രീ.ശ്രീകുമാർ ജി, സീനിയർ സൂപ്രണ്ട്, ഐ.ടി.ഐ അരീകോട് | ഐ.ടി.ഐ ചെങ്ങന്നൂർ (വ), ചന്ദനത്തോപ്പ് , കൊല്ലം ബി.റ്റി സി | ഐ.ടി.ഐ ചന്ദനത്തോപ്പ് | |
| 7 | ശ്രീമതി .എച്ച്.തിൽഷാദ് ബീഗം, സീനിയർ സൂപ്രണ്ട്, ഐ.ടി.ഐ കോഴിക്കോട് | ഐ.ടി.ഐ ചെന്നീർക്കര /ചാലക്കുടി (വ), പത്തനംതിട്ട ജില്ലയ്ക്ക് സമീപമുള്ള ഐ.ടി.ഐ കൾ | സ്ഥലം മാറ്റം അനുവദിക്കുന്നില്ല | |
| 8 | ശ്രീ.റോയ് സി.വി, | ഐ.ടി.ഐ | സ്ഥലം മാറ്റം | |

| | | | | |
|---|---|---|---|---|
| | സീനിയർ സൂപ്രണ്ട് ,ആർ.ഡി.റ്റി കണ്ണൂർ | ആര്യനാട് | അനുവദിക്കുന്നില്ല | |
| 9 | ശ്രീ.താഹിർ എം, സീനിയർ സൂപ്രണ്ട് , ഐ.ടി.ഐ കാസർഗോഡ് | ഐ.ടി.ഐ ചന്ദനത്തോപ്പ് | സ്ഥലം മാറ്റം അനുവദിക്കുന്നില്ല | |
| 10 | ശ്രീ.ജ്യോതിഷ് കുമാർ എൻ, സീനിയർ സൂപ്രണ്ട് , ഐ.ടി.ഐ പള്ളിക്കത്തോട് | ഐ.ടി.ഐ ചന്ദനത്തോപ്പ്, കൊല്ലം(വ), ചാക്ക, ആറ്റിങ്ങൽ, കഴക്കൂട്ടം (വ) | സ്ഥലം മാറ്റം അനുവദിക്കുന്നില്ല | |
| 11 | ശ്രീമതി.ജ്യോതിലക്ഷ്മി ജി, സീനിയർ സൂപ്രണ്ട് , ഐ.ടി.ഐ മലമ്പുഴ | ഐ.ടി.ഐ ചെങ്ങന്നൂർ, ചെങ്ങന്നൂർ(വ), ചെന്നീർക്കര, ഏറ്റുമാനൂർ, പള്ളിക്കത്തോട് | സ്ഥലം മാറ്റം അനുവദിക്കുന്നില്ല | |

മേൽപറയും പ്രകാരം സ്ഥലം മാറ്റം അനുവദിച്ചതിനുശേഷം സീനിയർ സൂപ്രണ്ട് തസ്തികയിൽ ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ ആണ് ഒഴിവുകൾ ഉള്ളത്.

- ഐ.ടി.ഐ ചാലക്കുടി(വ)
- ഐ.ടി.ഐ അരീക്കോട്
- ഐ.ടി.ഐ കയ്യൂർ

മേൽ പറയുന്ന ഒഴിവുകളിലേയ്ക്ക് സീനിയർ സൂപ്രണ്ട് തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കുന്നതിനായി അർഹരായ ജൂനിയർ സൂപ്രണ്ടുമാരുടെ സെലക്ട് ലിസ്റ്റ് പരാമർശം (3) പ്രകാരം ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ടി സെലക്ട് ലിസ്റ്റിൽ ക്രമ നമ്പർ (174), (175) ൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് KS &SSR ലെ പൊതു ചട്ടം 28 (b) (ii) പ്രകാരം 36600 –79200 രൂപ നിരക്കിൽ സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ചുവടെ പറയുന്ന പ്രകാരം താൽക്കാലികമായി ഉദ്യോഗക്കയറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം | പേര് /തസ്തിക /സ്ഥാപനം | സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1 | ശ്രീമതി.ജി.ആർ.ലോലിത , ജെ.എ.എ.(എൻ .റ്റി ), ആർ.ഐ സെന്റർ ചാക്ക | 177 | ഐ.ടി.ഐചാലക്കുടി (വ) |
| 2 | ശ്രീമതി.ജോയസ്സി .എ.എൽ ജൂനിയർ സൂപ്രണ്ട് ഐ.ടി ഐ ചാലക്കുടി | 179 | ഐ.ടി.ഐ അരീകോട് |

ധനുവച്ചപുരം ഐ.ടി.ഐ ലെ സീനിയർ സൂപ്രണ്ട് തസ്തികയിലെ ഒഴിവ് ഈ ഉത്തരവ് പ്രകാരം നികത്തുന്ന സാഹചര്യത്തിൽ പരാമർശം (4) ലെ സർക്കാർ ഉത്തരവിൽ ഒരു സീനിയർ സൂപ്രണ്ട് തസ്തിക ഒഴിച്ചിടണമെന്ന നിർദ്ദേശമുള്ളതിനാൽ

കയ്യൂർ ഐ.ടി.ഐ-യിലെ സീനിയർ സൂപ്രണ്ട് തസ്തിക തൽക്കാലം ഒഴിച്ചിടുന്നു. ഈ സാഹചര്യത്തിൽ കയ്യൂർ ഐ.ടി.ഐ ലെ സീനിയർ സൂപ്രണ്ടിന്റെ ചുമതല ടി സ്ഥാപനത്തിലെ പ്രിൻസിപ്പാൾ നിർവഹിക്കേണ്ടതാണ്.

ഉദ്യോഗക്കയറ്റം അനുവദിച്ച ഉദ്യോഗസ്ഥർ അതാത് സ്ഥാപനങ്ങളിൽ സേവനത്തിൽ പ്രവേശിക്കുന്നതിനായി ബന്ധപ്പെട്ട സ്ഥാപന മേധാവികൾ വിടുതൽ ചെയ്യേണ്ടതാണ്. ടി ജീവനക്കാരെ വിടുതൽ ചെയ്തതും സേവനത്തിൽ പ്രവേശിച്ചതുമായ വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

ഒപ്പ്/—

ഡയറക്ടർ ഓഫ് ട്രെയിനിംഗ്

സ്വീകർത്താവ്:- ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്:- 1. ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക്.
2. അക്കൗണ്ടന്റ് ജനറൽ (കേരള)
3.വകുപ്പ് വെബ്സൈറ്റ്

//ഉത്തരവിൻ പ്രകാരം//

സീനിയർ സൂപ്രണ്ട്